പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *66 — 28.02.2018- ൽ മറുപടിക്ക്

# സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>,, അടൂർ പ്രകാശ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ പരിശോധിച്ച ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ തൊഴിൽ വകുപ്പിനെ സംബന്ധിച്ച 19 മുതൽ 30 വരെയുള്ള ശിപാർശകളിൽ ഏതൊക്കെ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; | (എ) നഴ്സുമാരുടെ ഡ്യൂട്ടി സമയവുമായി ബന്ധപ്പെട്ട 19 മുതൽ 21 വരെയുള്ള ശിപാർശകൾ സർക്കാർ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ പരിഗണനയ്ക്കായി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 26.02.2016-ൽ കൂടിയ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി സ്വകാര്യ ആശുപത്രി മേഖലയിൽ 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുവാൻ തീരുമാനിച്ചു. കൂടാതെ 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് നിയമാനുസൃതമായ ഓവർടൈം അലവൻസും ജീവനക്കാർക്ക് വീട്ടിലെത്താൻ സൗകര്യമില്ലാത്തപക്ഷം ആശുപത്രികളിൽ റസ്റ്റ് റൂം ലഭ്യമാക്കുന്നതിനും ടി സമിതി തീരുമാനിച്ചിട്ടുണ്ട്.<br><br>അവധിയുമായി ബന്ധപ്പെട്ട 22-ാമത്തെ നിർദേശത്തിന്മേൽ ആശുപത്രി ജീവനക്കാർക്ക് നിയമാനുസൃതമായ അവധി ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്.<br><br>സുരക്ഷാ നിർദ്ദേശങ്ങൾ സംബന്ധിച്ച 23-ാമത്തെ നിർദേശം നടപ്പിലാക്കാമെന്ന് മാനേജ്മെന്റ് അറിയിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച 24-ാമത്തെ നിർദേശത്തിന്മേൽ വിശ്രമ മുറി, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം ശുചിമുറി, ഹോസ്റ്റൽ സൗകര്യം എന്നീ സൗകര്യങ്ങൾ വ്യവസ്ഥ ചെയ്തുകൊണ്ട് കേരള ഷോപ്പ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>അടിസ്ഥാന വേതനം സംബന്ധിച്ച 25-ാമത്തെ നിർദ്ദേശത്തിന്മേൽ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതും തുടർ നടപടി സർക്കാരിന്റെ പരിഗണനയിലുമാണ്. തൊഴിൽ വകുപ്പ് |

ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനയിലൂടെ എല്ലാ വിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പ് വരുത്തുന്നുണ്ട്.

വേതനം ബാങ്ക് വഴി വിതരണം ചെയ്യുന്നത് സംബന്ധിച്ച 26-ാമത്തെ നിർദേശത്തിന്മേൽ തൊഴിലാളികളുടെ വേതനം ബാങ്ക് വഴി വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്ത് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ പല സ്ഥാപനങ്ങളും ഇതിനെതിരെ ബഹു.ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുണ്ട്.

നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ ഇ.എസ്.ഐ, ഇ.പി.എഫ് സംബന്ധിച്ച 27-ാമത്തെ നിർദേശത്തിന്മേൽ ജീവനക്കാർക്ക് ഇ.എസ്.ഐ, ഇ.പി.എഫ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് സ്ഥാപന പരിശോധന വേളയിൽ പരിശോധിക്കുകയും ആയത് സംബന്ധിച്ച അംഗത്വം എടുത്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട അധികാരികളെ വിവരം അറിയിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

നഴ്സിംഗ് വിഭാഗം ജീവനക്കാർക്ക് മെഡിക്കൽ ബെനഫിറ്റ്സ്, ഇൻസെൻറീവ്/റിവാർഡ് എന്നിവ നൽകുന്നത് സംബന്ധിച്ച 28, 29 നിർദേശങ്ങളിന്മേൽ തീരുമാനമെടുത്തിട്ടില്ല.

നഴ്സിംഗ് ജീവനക്കാരെ ഒരു മാസത്തെ നോട്ടീസോടുകൂടി രാജി/വിടുതൽ ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച 30-ാമത്തെ നിർദേശം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | നഴ്സുമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച് വീരകുമാർ കമ്മിറ്റി നൽകിയ ശിപാർശകൾ എന്തൊക്കെയാണ്; പ്രസ്തുത ശിപാർശ വ്യവസായ ബന്ധസമിതി പരിഗണിച്ചിട്ടുണ്ടോ; | (ബി) | 1. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെ 100 കിടക്കകളിൽ താഴെയും 100 കിടക്കകളിൽ മുകളിലും ഉള്ളതായി രണ്ടായി തരംതിരിക്കുക.<br>2. 100 കിടക്കകൾക്ക് മുകളിലുള്ള ആശുപത്രികളിൽ 6-6-12 മണിക്കൂർ എന്ന നിരക്കിൽ ഷിഫ്റ്റ് നടപ്പിലാക്കണമെന്നും ഇതിൽ ദിവസം 8 മണിക്കൂർ ആഴ്ചയിൽ 48 മണിക്കൂർ മാസത്തിൽ 208 മണിക്കൂർ എന്ന നിലയിൽ ഡ്യൂട്ടി സമയം അധികരിക്കരുത്.<br>3. 3 ഷിഫ്റ്റിനായി 7.30 AM – 1.30 PM, 1.30 PM 7.30 PM, 7.30 PM -7.30 AM എന്ന സമയക്രമം പാലിക്കാവുന്നതാണ്.<br>4. 100 കിടക്കകളിൽ താഴെയുള്ള ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റിയാണെങ്കിൽ അതിൽ 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കാവുന്നതാണ്.<br>5. 100 കിടക്കകളിൽ താഴെയുള്ള ആശുപത്രികളിൽ 2 ഷിഫ്റ്റ് സമ്പ്രദായം തുടരാവുന്നതാണ്.<br>6. 6-6-12 എന്ന സമയക്രമം ഉപയോഗിക്കുമ്പോൾ ഒരു തൊഴിലാളി 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യേണ്ടി |

| | | | |
|---|---|---|---|
| | | | വരുമ്പോൾ ഓവർടൈം നൽകേണ്ടതാണ്.<br>7. നഴ്സിംഗ് സൂപ്രണ്ടോ മറ്റു സ്റ്റാഫുകളോ നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടതായിട്ടുള്ള സാഹചര്യമില്ലായെങ്കിൽ ടിയാളുകൾ മിനിമം 8 മണിക്കൂർ ഡ്യൂട്ടി ചെയ്യേണ്ടതാണ്.<br>8. വനിതാ നഴ്സുമാർക്ക് അടുത്ത ബസ് സ്റ്റേഷൻ വരെ യാത്രാ സൗകര്യം, വിശ്രമം, ടോയിലറ്റ് സൗകര്യം എന്നിവ ഉടമകൾ ലഭ്യമാക്കേണ്ടതാണ്.<br>ടി ശുപാർശകൾ വ്യവസായ ബന്ധസമിതി പരിഗണിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ അത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | ടി ശുപാർശകൾ 24/02/2016-ന് കൂടിയ വ്യവസായ ബന്ധസമിതി യോഗത്തിൽ പരിഗണിക്കുകയും സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ 3 ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ